**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 209** **12-10-2026-ൽ മറുപടിയ്ക്ക്**

**കോന്നി നിയോജകമണ്ഡലത്തിലെ ആരോഗ്യസ്ഥാപനങ്ങളുടെ നിർമ്മാണ പ്രവൃത്തികൾ**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. കെ. യു. ജനീഷ് കുമാർ ശ്രീ. കെ. മുരളീധരൻ
(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

**(എ)** കോന്നി നിയോജകമണ്ഡലത്തിൽ പുരോഗമിക്കുന്ന വിവിധ ആരോഗ്യ സ്ഥാപനങ്ങളുടെ നിർമ്മാണ പുരോഗതി വ്യക്തമാക്കുമോ?

**മറുപടി:** കോന്നി സർക്കാർ മെഡിക്കൽ കോളേജിന്റെ രണ്ടാം ഘട്ട വികസന പ്രവർത്തനങ്ങൾക്കായി ₹351.72 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ആയത് പ്രകാരം കോന്നി മെഡിക്കൽ കോളേജിൽ നടന്നു വരുന്ന വിവിധ നിർമ്മാണ പ്രവൃത്തികളുടെ പുരോഗതി **അനുബന്ധം I** ആയി ചേർക്കുന്നു.

കോന്നി നിയോജകമണ്ഡലത്തിലെ മറ്റ് ആരോഗ്യസ്ഥാപനങ്ങളിൽ നടന്നുവരുന്ന നിർമ്മാണ പ്രവർത്തനങ്ങളുടെ നിലവിലെ പുരോഗതി ചുവടെ ചേർക്കുന്നു:

1. താലൂക്ക് ആസ്ഥാന ആശുപത്രി, കോന്നി - ഒ.പി. കെട്ടിട നിർമ്മാണം - പെയിന്റിംഗ്, പ്ലംബിംഗ് ജോലികൾ നടന്നുവരുന്നു.

2. പ്രാഥമികാരോഗ്യ കേന്ദ്രം, കൊക്കാത്തോട് - മെയിൻ ബിൽഡിംഗ് നിർമ്മാണം - നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്.

3. കുടുംബാരോഗ്യ കേന്ദ്രം, കൂടൽ - ഒ.പി. ബ്ലോക്ക് നിർമ്മാണം - ഏകദേശം 95% നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. ഇലക്ട്രിക്കൽ പ്രവൃത്തി പൂർത്തീകരിക്കാനുണ്ട്. ഫയർ എൻ.ഒ.സി. ലഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

4. കുടുംബാരോഗ്യ കേന്ദ്രം, മൈലപ്ര – മെയിൻ ബിൽഡിംഗ് നിർമ്മാണം - നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്.

5. കുടുംബാരോഗ്യ കേന്ദ്രം, മലയാലപ്പുഴ – മെയിൻ ബിൽഡിംഗ് നിർമ്മാണം - ഏകദേശം 80% നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. ഒന്നാം നില, രണ്ടാം നില, സ്റ്റെയർ എന്നിവിടങ്ങളിലെ റൂഫ് സ്ലാബ്-കളുടെ കോൺക്രീറ്റ് പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. ബ്രിക്ക് ജോലികൾ, പ്ലാസ്റ്ററിംഗ് എന്നിവയും പൂർത്തീകരിച്ചിട്ടുണ്ട്. സംപ് ടാങ്ക് നിർമ്മാണവും പൂർത്തീകരിച്ചിട്ടുണ്ട്.

6. കുടുംബാരോഗ്യ കേന്ദ്രം, ചിറ്റാർ - ഒ.പി. ബ്ലോക്ക് നിർമ്മാണം - സെല്ലാർ ഫ്ലോറിന്റെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.

കോന്നി നിയോജകമണ്ഡലത്തിൽ ദേശീയ ആരോഗ്യ ദൗത്യം മുഖേന പുരോഗമിക്കുന്ന നിർമ്മാണ പ്രവൃത്തിയുടെ വിവരങ്ങൾ **അനുബന്ധം II** ആയി ചേർക്കുന്നു.

**സെക്ഷൻ ഓഫീസർ**

## അനുബന്ധം I

| | | |
|---|---|---|
| 1 | ആൺകുട്ടികളുടെ ഹോസ്റ്റൽ ( Boys Hostel) | നിർമ്മാണം പൂർത്തീകരിച്ചു 27/01/2024-ന് ഉദ്ഘാടനം ചെയ്തു. |
| 2 | പെൺകുട്ടികളുടെ ഹോസ്റ്റൽ (Girl's Hostel) | നിർമ്മാണം പൂർത്തീകരിച്ചു കെട്ടിടം 07/10/2023-ന് ഉദ്ഘാടനം ചെയ്തു. |
| 3 | ഡീൻ വില്ല (Dean's Villa) | നിർമ്മാണം പൂർത്തീകരിച്ചു കെട്ടിടം 17/01/2026-ന് ഉദ്ഘാടനം ചെയ്തു. |
| 4 | പോസ്റ്റുമോർട്ടം ബ്ലോക്ക് (Autopsy Block) | നിർമ്മാണം പൂർത്തീകരിച്ചു കെട്ടിടം 01/02/2025-ന് ഉദ്ഘാടനം ചെയ്തു. |
| 5 | ലോണ്ടി (Laundry) ബ്ലോക്ക് | സിവിൽ പ്രവൃത്തികൾ പൂർത്തിയാക്കി. ഉപകരണങ്ങളുടെ സ്ഥാപനം KMSCL ന്റെ പരിധിയിലാണ് |
| 6 | ടൈപ്പ് A അപ്പാർട്ട്മെന്റ് | സ്ട്രക്ചറൽ പ്രവൃത്തികൾ പൂർത്തിയായി. ഇന്റേണൽ വാൾ പ്ലാസ്റ്ററിംഗ്, പുട്ടി, ടൈലിംഗ്, MEP പ്രവൃത്തികൾ പുരോഗമിക്കുന്നു. |
| 7 | ടൈപ്പ് B അപ്പാർട്ട്മെന്റ് | നിർമ്മാണം പൂർത്തീകരിച്ചു . കെട്ടിടം 17/01/2026-ന് ഉദ്ഘാടനം ചെയ്തു. |
| 8 | ടൈപ്പ് C അപ്പാർട്ട്മെന്റ് | സ്ട്രക്ചറൽ പ്രവൃത്തികൾ പൂർത്തിയായി. OHT പ്രവൃത്തികൾ ഇന്റേണൽ പ്ലാസ്റ്ററിംഗ്, പുട്ടി, ടൈലിംഗ്, MEP പ്രവൃത്തികൾ പുരോഗമിക്കുന്നു. |
| 9 | ടൈപ്പ് D അപ്പാർട്ട്മെന്റ് | നിർമ്മാണം പൂർത്തീകരിച്ചു കെട്ടിടം 17/01/2026-ന് ഉദ്ഘാടനം ചെയ്തു |
| 10 | ആശുപത്രി ബ്ലോക്ക് (Hospital Block) | സ്ട്രക്ചറൽ പ്രവൃത്തികളും ബ്ലോക്ക് പ്രവൃത്തികളും പൂർത്തിയായി. ടൈലിംഗ്, ഫാൾസ് സീലിംഗ്, MGPS, MEP പ്രവൃത്തികൾ പുരോഗമിക്കുന്നു. |
| 11 | മെഡിക്കൽ കോളേജ് ബ്ലോക്ക് | നിർമ്മാണം പൂർത്തീകരിച്ചു കെട്ടിടം 17/01/2026-ന് ഉദ്ഘാടനം ചെയ്തു |
| 12 | ഓഡിറ്റോറിയം ബ്ലോക്ക് | ബേസ്മെന്റ്-I, ബേസ്മെന്റ്-II എന്നിവയുടെ സ്ട്രക്ചറൽ പ്രവൃത്തികൾ പൂർത്തിയായി. ഗ്രൗണ്ട് ഫ്ലോർ റൂഫ് സ്ലാബിന്റെ ഷട്ടറിംഗ്, റീ ഇൻഫോഴ്സ്മെന്റ് പ്രവൃത്തികൾ പുരോഗമിക്കുന്നു. |
| 13 | ആന്തരിക റോഡ് പ്രവൃത്തികൾ | പ്രധാന ആന്തരിക റോഡ് പ്രവൃത്തികൾ, കോമ്പൗണ്ട് വാൾ പ്രവൃത്തികൾ, ബാഹ്യ സീവേജ് ലൈൻ, റിട്ടെയിനിംഗ് വാൾ പ്രവൃത്തികൾ, സ്ട്രീറ്റ് ലൈറ്റിംഗ് പ്രവൃത്തികൾ എന്നിവ പുരോഗമിക്കുന്നു. |
| 14 | അധിക പ്രവൃത്തികൾ (UGT, മെയിൻ ഗേറ്റ് & OT) | UGT-യുടെ സിവിൽ പ്രവൃത്തികൾ പൂർത്തിയായി, MEP പ്രവൃത്തികൾ പുരോഗമിക്കുന്നു. മെയിൻ ഗേറ്റ് പ്രവൃത്തികൾ പൂർത്തിയായി. OT-സിവിൽ പ്രവൃത്തികൾ പൂർത്തിയായി. |

# അനുബന്ധം 2

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | നിർമ്മാണ പ്രവൃത്തിയുടെ പേര് | അനുവദിച്ച തുക (രൂപയിൽ) | ഏജൻസി | നിർമ്മാണ പുരോഗതി |
|---|---|---|---|---|---|
| 1. | താലൂക്ക് ആശുപത്രി, കോന്നി | മാതൃ വിഭാഗത്തിന്റെ ശാക്തീകരണം | 2.07 കോടി | KEL | 96% |
| 2. | CHC ഏനാദിമംഗലം | CHC യെ ബ്ലോക്ക് കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തുന്നതിന്റെ ഭാഗമായുള്ള നിർമ്മാണ പ്രവർത്തികൾ | 36 ലക്ഷം | WAPCOS | 5% |
| 3. | JAK കോട്ടമൺ പാറ | പുതിയ ജനകീയാരോഗ്യ കേന്ദ്രത്തിന്റെ കെട്ടിട നിർമ്മാണം | 55.5 ലക്ഷം | KSHB | 5% |